ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 10.07.2025** **TIME : 7.25 PM**

## പ്രധാന

1. **പ്രകൃതിദുരന്തങ്ങൾ ബാധിച്ച കേരളം ഉൾപ്പെടെയുള്ള ആറ് സംസ്ഥാനങ്ങൾക്ക് ധനസഹായം അനുവദിച്ച് കേന്ദ്ര സർക്കാർ.**
   **The central government has allocated financial assistance to six states, including Kerala, affected by natural disasters.**

2. **ബിഹാറിലെ വോട്ടർ പട്ടികയുടെ തീവ്ര പരിഷ്കരണത്തിന് ഭരണഘടനാ സാധുതയുണ്ടെന്ന് സുപ്രീംകോടതി.**
   **The Supreme Court has said that the drastic revision of the voter list in Bihar is constitutional.**

3. **കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ രണ്ടു ദിവസത്തെ കേരള സന്ദർശനത്തിനായി നാളെ തിരുവനന്തപുരത്ത് എത്തും.**
   **Union Home Minister Amit Shah will arrive in Thiruvananthapuram tomorrow for a two-day visit to Kerala.**

4. **വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സർവകലാശാലകളുടെ പങ്ക് നിർണായകമെന്ന് കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ.**
   **Union Minister Dharmendra Pradhan says the role of universities is crucial in achieving the goal of Viksit Bharat.**

5. **കേരളത്തിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ സെപ്റ്റംബർ വരെ ഊർജ്ജിതമായി നടപ്പാക്കുമെന്ന് ആരോഗ്യവകുപ്പ്. കേന്ദ്രസംഘത്തിന്റെ സന്ദർശനം തുടരുന്നു.**

**The Health Department says that Nipah prevention activities will be implemented vigorously in Kerala till September. The visit of the central team continues.**

6. **ലോർഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന്റെ ആദ്യ ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു.**

**England's first innings batting against India in the Lord's Cricket Test is progressing.**

$$$$$$$$$$$$$$$$$$$$$$$$$$$$$$

**VP JNU**

ഇന്ത്യയുടേത് സമ്പന്നമായ വിദ്യാഭ്യാസ പൈതൃകമെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ. യൂറോപ്പിലെ സർവകലാശാലകൾ നിലവിൽ വരുന്നതിന് വളരെ മുമ്പുതന്നെ ഇന്ത്യ മികച്ച വിദ്യാഭ്യാസ കേന്ദ്രങ്ങൾ വികസിപ്പിച്ചെടുത്തിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ജെഎൻയു-വിൻറെ 'ഇന്ത്യൻ വിജ്ഞാന വ്യവസ്ഥകൾ' എന്ന വിഷയത്തിലുള്ള ഒന്നാം വാർഷിക അക്കാദമിക് സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി. പ്രാചീന സർവകലാശാലകൾ അറിവിൻറെ കേന്ദ്രങ്ങളായിരുന്നെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**PM - RETURN**

അഞ്ചു രാജ്യങ്ങളിലെ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂ ഡൽഹിയിൽ തിരിച്ചെത്തി. ഘാന, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസിൽ നമീബിയ എന്നീ രാജ്യങ്ങളാണ് പ്രധാനമന്ത്രി സന്ദർശിച്ചത്. ഈ രാജ്യങ്ങളും ഇന്ത്യയുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് വിവിധ രാഷ്ട്ര തലവന്മാരുമായി ശ്രീ മോദി ആശയവിനിമയം നടത്തി. റിയോ ഡി ജനീറോയിൽ നടന്ന ബ്രിക്സ് ഉച്ചകോടിയിലും അദ്ദേഹം പങ്കെടുത്തു.

$$$$$$$$$$$$$$$$$$$$$$$$$$$$$

**BJP - PM**

അഞ്ച് രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദർശനം വലിയ വിജയം ആയിരുന്നുവെന്ന് ബി ജെ പി. ഭീകരവാദത്തിനെതിരെയുള്ള ബ്രിക്സ് ഉച്ചകോടിയുടെ പ്രമേയം, ഇന്ത്യയുടെ നിലപാടിനുള്ള ആഗോള അംഗീകാരമാണെന്ന് പാർട്ടി വക്താവ് സുധാൻഷു ത്രിവേദി ന്യൂ ഡൽഹിയിൽ പറഞ്ഞു. ഘാന, നമീബിയ എന്നീ രാജ്യങ്ങളുമായി അപൂർവ ധാതുക്കൾ സംബന്ധിച്ച കരാറിൽ എത്തിച്ചേരാനായി. ക്വാഡ്, ബ്രിക്സ് എന്നീ രണ്ട് കൂട്ടായ്മകളിലും അംഗത്വമുള്ള ഒരേയൊരു രാജ്യമാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$

**HEAD LINE – 4**

**VICE CHANCELLORS (INTRO)**

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ രാജ്യത്തെ സർവകലാശാലകളുടെ പങ്ക് നിർണായകമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. കഴിഞ്ഞ 10 വർഷത്തിനിടെ രാജ്യത്തിന്റെ ഉന്നത വിദ്യാഭ്യാസ ഘടനയിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.
നർമ്മദയിലെ കെവാഡിയയിൽ കേന്ദ്ര സർവകലാശാലകളുടെ വൈസ് ചാൻസലർമാരുടെ ദ്വിദിന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.
**(ഹോൾഡ്)**

$$$$$$$$$$$$$$$$$$$$$$$$$$$$$

**GOYAL-IESW**

രാജ്യത്തെ സൗരോർജ ഉത്പാദന ശേഷിയിൽ സമീപ വർഷങ്ങളിൽ വലിയ കുതിച്ചുചാട്ടം ഉണ്ടായതായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ ഊർജ സംഭരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ഒരു പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.
പാരീസ് കാലാവസ്ഥ ഉച്ചകോടിയിൽ പ്രഖ്യാപിച്ച, കാർബൺ ബഹിർഗമനം ലഘൂകരിക്കുന്നത് സംബന്ധിച്ച ദേശീയ ലക്ഷ്യങ്ങൾ കൈവരിക്കുന്ന ആദ്യ ജി-20 രാജ്യമാകും ഇന്ത്യയെന്നും ശ്രീ. ഗോയൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$2$$$$

**HEAD LINE – 1**

**EVE. SC- BIHAR ECI**

ബിഹാറിൽ വോട്ടർ പട്ടിക പരിഷ്കരിക്കാനുള്ള തീവ്ര പ്രക്രിയയുമായി മുന്നോട്ട് പോകാൻ തിരഞ്ഞെടുപ്പ് കമ്മീഷന് സുപ്രിം കോടതി അനുമതി. വോട്ടർ പട്ടികയുടെ തീവ്ര പരിഷ്കരണത്തിന് ഭരണഘടനാ സാധുതയുണ്ടെന്ന്, കേസ് പരിഗണിക്കവെ ജസ്റ്റിസുമാരായ സുധാൻഷു ധുലിയ, ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങുന്ന ബെഞ്ച്, വ്യക്തമാക്കി. എന്നാൽ നടപടിക്കായി തിരഞ്ഞെടുത്ത സമയം സംബന്ധിച്ച് കോടതി ചോദ്യങ്ങൾ ഉന്നയിച്ചു. അവശ്യ രേഖകളുടെ കൂട്ടത്തിൽ ആധാർ കാർഡ്, റേഷൻ കാർഡ്, വോട്ടർ ഐ.ഡി. കാർഡ് തുടങ്ങിയവയും പരിഗണിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷനോട് കോടതി ആവശ്യപ്പെട്ടു. കേസ് ഈ മാസം ഇരുപത്തിയെട്ടിന് വീണ്ടും പരിഗണിക്കും. ഒരാഴ്ചക്കുള്ളിൽ മറുപടി സത്യവാങ്മൂലം സമർപ്പിക്കാനും തിരഞ്ഞെടുപ്പ് കമ്മീഷനോട് സുപ്രീം കോടതി ആവശ്യപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$$$$$$

**HEAD LINE – 1**

**CENTRE-FLOOD ASSISTANCE**

പ്രകൃതിദുരന്തങ്ങൾ നേരിട്ട അസം, മണിപ്പൂർ, മേഘാലയ, മിസോറം, കേരളം, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങൾക്ക് 1,066 കോടിയിലധികം രൂപയുടെ ധനസഹായം അനുവദിച്ച് കേന്ദ്ര സർക്കാർ. തെക്ക്-പടിഞ്ഞാറൻ മൺസൂണിൽ ഉണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഈ സംസ്ഥാനങ്ങളെ സാരമായി ബാധിച്ചെന്ന വിലയിരുത്തലിലാണ് തുക അനുവദിച്ചത്.

സഹായമായി കേരളത്തിന് 153.20 കോടി രൂപ ലഭിക്കും. ദുരന്തബാധിത സംസ്ഥാനങ്ങൾക്ക് സാധ്യമായ എല്ലാ സഹായങ്ങളും നൽകാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$

**HEAD LINE – 3**

**AMIT SHAH - KERALA**

ബിജെപിയുടെ മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ നാളെ തിരുവനന്തപുരത്ത് എത്തും. മറ്റന്നാൾ ബിജെപിയുടെ പുതിയ സംസ്ഥാന കാര്യാലയം അദ്ദേഹം ഉദ്ഘാടനം ചെയ്യും. പുത്തരിക്കണ്ടം മൈതാനത്ത് തെക്കൻ ജില്ലകളിലെ ബൂത്ത് ലെവൽ നേതാക്കളെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം, ബിജെപി സംസ്ഥാന നേതൃയോഗത്തിലും പങ്കെടുക്കും. കണ്ണൂർ തളിപ്പറമ്പിൽ രാജരാജേശ്വര ക്ഷേത്രത്തിലും കേന്ദ്ര മന്ത്രി ദർശനം നടത്തും.

$$$$$$$$$$$$$$$$$$$$$$$$$$$$$

**ED - ACTORS**

നിയമവിരുദ്ധമായ ബെറ്റിങ് ആപ്പുകൾ പ്രചരിപ്പിച്ചെന്ന ആരോപണത്തിൽ 29 അഭിനേതാക്കൾക്കെതിരെ കേസെടുത്ത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്. വിജയ് ദേവരക്കൊണ്ട, റാണ ദഗ്ഗുബതി, പ്രകാശ് രാജ്, നിധി അഗർവാൾ, പ്രണിത സുഭാഷ് തുടങ്ങിയവർ കേസെടുത്തവരിൽ ഉൾപ്പെടുന്നു. കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമപ്രകാരം ഇ ഡി ഇവർക്കെതിരെ അന്വേഷണം ആരംഭിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**SINDHYA- DAK SEVAK (INTRO)**

ജനകേന്ദ്രീകൃതമായ സേവനങ്ങളുടെയും അനുഭവങ്ങളുടെയും ഇടങ്ങളായി പോസ്റ്റ് ഓഫീസുകളെ പുനർവിഭാവനം ചെയ്യുകയാണ് കേന്ദ്രസർക്കാറെന്ന് കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ഗ്രാമീൺ ടാക് സേവക് മാരുടെ സമ്മേളനത്തെ ബംഗളുരുവിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഗുണപരമായ മാറ്റങ്ങളുടെ മുൻനിര പ്രവർത്തകർ ആകാൻ തപാൽ വകുപ്പ് അംഗങ്ങളോട് ശ്രീ. സിന്ധ്യ ആവശ്യപ്പെട്ടു.

**(ഹോൾഡ് വോയിസ്)**

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEAD LINE – 5**

**NIPAH - KERALA**

കേരളത്തിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കേന്ദ്രസംഘം പാലക്കാടും മലപ്പുറത്തും സന്ദർശനം തുടരുന്നു. പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര കിഴക്കുമ്പുറത്ത് കേന്ദ്ര സംഘം പരിശോധന നടത്തി. പൂനൈ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഐ.സി.എം.ആർ എന്നിവിടങ്ങളിൽ നിന്നുള്ള സംഘമാണ് പ്രദേശത്ത് പരിശോധന നടത്തുന്നത്. സെപ്റ്റംബർ മാസം വരെ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരാനാണ് ആരോഗ്യവകുപ്പിന്റെ നിർദ്ദേശം. നിപ

സമ്പർക്കപ്പട്ടികയിൽ ആകെ 499 പേർ ഉള്ളതായി മന്ത്രി വീണാ ജോർജ് അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**KEAM - HIGHCOURT**

കീം പരീക്ഷാഫലം റദ്ദാക്കിയ സിംഗിൾ ബെഞ്ച് ഉത്തരവ് ഹൈക്കോടതി
ശരിവച്ചു. ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ നൽകിയ ഹർജി തള്ളിയ കോടതി റാങ്ക് ലിസ്റ്റ് റദ്ദാക്കിയ തീരുമാനത്തിൽ ഇടപെടാൻ ആകില്ലെന്നും വ്യക്തമാക്കി. പരീക്ഷയുടെ പ്രോസ്‌പെക്ടസ് പുറത്തിറക്കിയശേഷം വെയിറ്റേജ് മാറ്റിയത് നിയമപരമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് സിംഗിൾ ബെഞ്ച് ഇന്നലെ ഫലം റദ്ദാക്കിയത്. കീം സംബന്ധിച്ച കോടതി വിധി അംഗീകരിക്കുന്നുവെന്നും, അഡ്മിഷൻ സംബന്ധിച്ച AICTE സമയക്രമം പാലിക്കേണ്ടതിനാൽ അപ്പീലിനില്ലെന്നും ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു പ്രതികരിച്ചു. പുതുക്കിയ റാങ്ക് ലിസ്റ്റ് വൈകാതെ പ്രസിദ്ധീകരിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**STATE - CABINET**

കേരളത്തിൽ, കോട്ടയം മെഡിക്കൽ കോളേജ് കെട്ടിടത്തിലെ ഒരു ഭാഗം ഇടിഞ്ഞുവീണ് മരിച്ച ബിന്ദുവിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. ബിന്ദുവിന്റെ മകൻ നവനീതിന് ഉചിതമായ ജോലി നൽകാൻ

തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് ശുപാർശ ചെയ്യും. വയനാട് ടൗൺഷിപ്പ് പദ്ധതിക്കുള്ള ത്രികക്ഷി കരാറിന് അംഗീകാരം നൽകാനും തീരുമാനിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**SFI - RAJBHAVAN MARCH**

കേരള സർവ്വകലാശാലാ വൈസ് ചാൻസലറെ പുറത്താക്കണമെന്നാവശ്യപ്പെട്ട് എസ് എഫ് ഐ നടത്തിയ രാജ്ഭവൻ മാർച്ചിൽ സംഘർഷം. ബാരിക്കേഡ് മറികടക്കാൻ പ്രവർത്തകർ ശ്രമിച്ചതോടെയാണ് സംഘർഷമുണ്ടായത്. പ്രവർത്തകരെ പിരിച്ചുവിടാൻ പോലീസ് ജലപീരങ്കി പ്രയോഗിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEAD LINE – 6**

**IND VS ENG TEST CRICKET**

ലോർഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന്റെ ആദ്യ ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇംഗ്ലണ്ട് 2 വിക്കറ്റ് നഷ്ടത്തിൽ 115 റൺസ് എടുത്തിട്ടുണ്ട്. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിലെ മൂന്നാം ടെസ്റ്റാണിത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**GOVT. ORDER - KERALA**

ജനവാസമേഖലകളിലിറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ചോ അനുവദനീയമായ മറ്റ് മാർഗ്ഗങ്ങളിലൂടെയോ ഇല്ലായ്മ ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾക്ക് സർക്കാർ നിർദ്ദേശം നൽകി. കാട്ടുപന്നികൾ മൂലം അപകടങ്ങളും കൃഷിനാശവും സംഭവിക്കുന്നതായി നിരവധി പരാതികൾ
ലഭിച്ച പശ്ചാത്തലത്തിലാണ് നിർദേശം.

$$$$$$$$$$$$$$$$$$$$$$$$$$$$$

**US TARIFF**

ബ്രസീൽ, ശ്രീലങ്ക, അൾജീരിയ, ഇറാഖ്, ലിബിയ, ഫിലിപ്പീൻസ്, മോൾഡോവ, ബ്രൂണെ എന്നീ എട്ട് രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് പുതിയ താരിഫ് ഏർപ്പെടുത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഓഗസ്റ്റ് 1 മുതൽ ഈ താരിഫുകൾ പ്രാബല്യത്തിൽ വരുമെന്ന് ട്രംപ് അറിയിച്ചു. പുതുക്കിയ താരിഫ് പ്രകാരം ബ്രസീൽ 50 ശതമാനം തീരുവ നൽകേണ്ടിവരും.

$$$$$$$$$$$$$$$$$$$$$$$$$$$$$

**S. KOREA- YOON ARRESTED**

ദക്ഷിണ കൊറിയയിൽ മുൻ പ്രസിഡന്റ് യൂൻ സുക് യോൾ വീണ്ടും അറസ്റ്റിലായി. രാജ്യത്ത് പട്ടാള ഭരണം ഏർപ്പെടുത്താൻ കഴിഞ്ഞ വർഷം യൂൻ സുക് യോൾ നടത്തിയ നീക്കവുമായി ബന്ധപ്പെട്ടാണ് അറസ്റ്റ്. ജനുവരിയിൽ അറസ്റ്റിലായ ഇദ്ദേഹത്തെ രണ്ട് മാസത്തിന് ശേഷം വിട്ടയച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$
$$$$$$$$$$
$$$$$$$